**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5384** **21-07-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ ടാക്സി സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് വാട്ടർ ടാക്സി സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ വളരെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ ജലഗതാഗത വകുപ്പ് തയ്യാറാക്കി വരുന്നുണ്ട്. അതിന്റെ ഭാഗമായി പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് കൂടുതൽ വാട്ടർ ടാക്സി സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് നിലവിൽ വാട്ടർ ടാക്സി സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കണ്ണൂർ ജില്ലയിലെ പറശ്ശിനി സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് നിലവിൽ വാട്ടർ ടാക്സി സർവീസ് നടത്തി വരുന്നത്. പറശ്ശിനി അമ്പലത്തിൽ വരുന്ന ഭക്തജനങ്ങളും മറ്റു സഞ്ചാരികളും കുറഞ്ഞ ചെലവിലുള്ള ഈ സംവിധാനം വളരെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തി വരുന്നു. |
| (സി) | മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി വരുന്ന ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ടൂറിസ്റ്റുകൾക്ക് കൂടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ വാട്ടർ ടാക്സി സർവ്വീസ് ആരംഭിക്കുന്നതിനും ഇതിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (സി) | മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി വരുന്ന മലപ്പട്ടം, പറശ്ശിനി, വളപട്ടണം, അഴീക്കൽ പഴയങ്ങാടി , കുപ്പം റൂട്ടിൽ വകുപ്പിന്റെ ടെക്നിക്കൽ , ട്രാഫിക് വിഭാഗങ്ങൾ സർവ്വേ നടത്തിയിരുന്നു. ടി പദ്ധതിയുടെ ഭാഗമായുള്ള ബോട്ട് ജെട്ടികളുടെ പണികൾ പൂർത്തിയായി വരുന്നുണ്ട്. ഉയരം കുറഞ്ഞ പാലങ്ങൾ ഉള്ളതിനാൽ ഈ മേഖലയിൽ ദീർഘദൂര ടൂറിസം സർവീസുകളും വാട്ടർ ടാക്സി സർവീസുകളും നടത്തുന്നതിന് ആവശ്യമായ അനുബന്ധസാഹചര്യങ്ങൾ എന്തൊക്കെ വേണം എന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ